"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - ആലുവ താലൂക്ക് സപ്ലൈ ഓഫീസിൽ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. എൽദോസ് മാത്യൂ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ(ഇകെഎം) നം. 1435/2023 നമ്പർ കേസിലെ 25.03.2026 തീയതിയിലെ ഉത്തരവ് - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.917/2026/LSGD തീയതി,തിരുവനന്തപുരം, 25-04-2026

---

പരാമർശം:-

1. 03.06.2023 തീയതിയിലെ സ.ഉ.(സാധാ)നം. 1347/2023/തസ്വഭവ നമ്പർ ഉത്തരവ് (Annexure A11)
2. 28.02.2026 തീയതിയിലെ സ.ഉ(കൈ) നം. 64/2026/തസ്വഭവ നമ്പർ ഉത്തരവ്.
3. ശ്രീ. എൽദോസ് മാത്യൂ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ(ഇകെഎം) നം. 1435/2023 നമ്പർ കേസിലെ 25.03.2026 തീയതിയിലെ ഉത്തരവ്

**ഉത്തരവ്**

കൊളീജിയേറ്റ് എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റിൽ 09.09.2004 മുതൽ 18.11.2011 വരെ നൈറ്റ് വാച്ച്മാൻ തസ്തികയിൽ സേവനമനുഷ്ഠിച്ച ശേഷം 19.11.2011-ൽ മുനിസിപ്പൽ കോമൺ സർവീസിൽ ക്ലാർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച് നിലവിൽ സിവിൽ സപ്ലൈസ് വകുപ്പിൽ ആലുവ താലൂക്ക് സപ്ലൈ ഓഫീസിൽ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. എൽദോസ് മാത്യൂ, തന്റെ മുൻകാലസർക്കാർ സേവനകാലയളവ് (09.09.2004 മുതൽ 18.11.2011 വരെ) മുനിസിപ്പൽ കോമൺ സർവീസിൽ സേവന ആനുകൂല്യങ്ങൾക്ക് കണക്കാക്കി ശമ്പളം പുനർനിർണ്ണയിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ സർക്കാർ സർവ്വീസിൽനിന്ന് മുനിസിപ്പൽ കോമൺസർവ്വീസിലേക്ക് മാറിവരുന്നവർക്ക് മുൻകാലസർവ്വീസും ശമ്പളവും സംരക്ഷിച്ചു നൽകുന്നതിനു വ്യവസ്ഥയുള്ള സ.ഉ.(സാധ.)നം.162/87/തസ്വഭവ. ഉത്തരവും ആയതിനു മുൻകാല പ്രാബല്യം നൽകിയ സ.ഉ.(എം.എസ്)55/89/തസ്വഭവ. ഉത്തരവും 12.09.2006-ലെ സ.ഉ.(എം.എസ്)211/06/തസ്വഭവ. പ്രകാരം റദ്ദു ചെയ്തിരുന്നതിനാൽ 12.09.2006 ന് ശേഷമുള്ള സർക്കാർ സർവ്വീസിലെ കാലയളവ് മുനിസിപ്പൽ കോമൺസർവ്വീസിൽ സംരക്ഷിച്ച് നൽകുന്നതിന് വ്യവസ്ഥയില്ലായെന്ന് കണ്ട് ശ്രീ. എൽദോസ് മാത്യൂ, -വിന്റെ അപേക്ഷ നിരസിച്ച് പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു.

2. 09.09.2004 മുതൽ 18.11.2011 വരെയുള്ള തന്റെ മുൻകാലസർക്കാർ സേവനകാലയളവ്

മുനിസിപ്പൽ കോമൺ സർവീസിൽ ശമ്പളം സംരക്ഷിച്ച് നൽകാത്തതിനെതിരെ ശ്രീ. എൽദോസ് മാത്യു, ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ(ഇകെഎം) നം. 1435/2023 നമ്പർ കേസിലെ 25.03.2026 തീയതിയിൽ ഉത്തരവ് പ്രകാരം സർക്കാരിന്റെ പരാമർശം 1 ഉത്തരവ് (Annexure A11) റദ്ദ് ചെയ്യുകയും മുനിസിപ്പൽ കോമൺ സർവീസിൽ ബിൽ കളക്ടർ/ക്ലാർക്ക് തസ്തികയിലെ ശമ്പളസംരക്ഷണത്തിനും ആനുകൂല്യങ്ങൾ പുനക്രമീകരിക്കുന്നതിനുമുള്ള അപേക്ഷകന്റെ ആവശ്യം, 28.02.2026 ലെ G.O. (Ms) നം. 64/2026/LSGD ഉത്തരവിന്റെയടിസ്ഥാനത്തിൽ, ഉത്തരവിന്റെ പകർപ്പ് ലഭിച്ച തീയതി മുതൽ രണ്ട് മാസത്തിനുള്ളിൽ പുനഃപരിശോധിക്കുന്നതിന് ഒന്നാം എതിർകക്ഷിയായ സർക്കാരിനോട് നിർദ്ദേശിച്ചു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാർ സർവ്വീസിൽനിന്ന് മുനിസിപ്പൽ കോമൺസർവ്വീസിലേക്ക് മാറിവന്ന ജീവനക്കാർ ടിയാളുകളുടെ മുൻകാലസർവ്വീസും ശമ്പളവും സംരക്ഷിച്ചു നൽകുന്നതിനായി സമർപ്പിച്ച അപേക്ഷകൾ നിരസിച്ചതിനെതിരെ ഫയൽ ചെയ്ത കേസുകളിൽ സർക്കാർ തീരുമാനം ബഹു.ട്രിബ്യൂണൽ റദ്ദ് ചെയ്യുകയും അപേക്ഷകർക്ക് അനുകൂലമായി ഉത്തരവായിട്ടുള്ളതുമാണ്. പ്രസ്തുത ഉത്തരവിനെതിരെ സർക്കാർ ബഹു. സുപ്രീംകോടതി മുമ്പാകെ സ്പെഷ്യൽ ലീവ് പെറ്റീഷൻ(SLP) ഫയൽ ചെയ്യുകയുണ്ടായെങ്കിലും 12.08.2025 ലെ വിധിന്യായം പ്രകാരം ഇക്കാര്യത്തിലുള്ള ബഹു.ട്രിബ്യൂണലിന്റെയും ബഹു.ഹൈക്കോടതിയുടേയും ഉത്തരവ് ശരിവയ്ക്കുകയും സർക്കാർ ഫയൽ ചെയ്ത അപ്പീൽ ബഹു.സുപ്രീംകോടതി തള്ളിക്കളയുകയും, ട്രിബ്യൂണലിന്റെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷകർക്ക് ആനുകൂല്യങ്ങൾ അടിയന്തരമായി ലഭ്യമാക്കുന്നതിന് കോടതി നിർദ്ദേശിക്കുകയുമുണ്ടായി. ആയതിന്റെയടിസ്ഥാനത്തിൽ മുനിസിപ്പൽ കോമൺസർവ്വീസ് സർക്കാർ സർവ്വീസായി പ്രഖ്യാപിക്കുന്നതിനുമുമ്പ് (06.03.2019ന് മുമ്പ്) സർക്കാർ റഗുലർ സർവ്വീസിൽ സേവനമനുഷ്ഠിക്കവേ മുനിസിപ്പൽ കോമൺസർവ്വീസിലേക്ക് നിയമനം ലഭിച്ച് വന്നവർക്ക് ടിയാളുകളുടെ മുൻ സർക്കാർ സർവ്വീസും ശമ്പളവും സംരക്ഷിച്ചു നൽകിക്കൊണ്ട് പരാമർശം 2 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

4. മേൽ സാഹചര്യത്തിൽ , ശ്രീ. എൽദോസ് മാത്യുവിന്റെ 09.09.2004 മുതൽ 18.11.2011 വരെയുള്ള മുൻകാലസർക്കാർ സേവനകാലയളവ് പരിഗണിച്ചു മുനിസിപ്പൽ കോമൺസർവ്വീസിൽ ശമ്പളസംരക്ഷണം അനുവദിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഒ.എ(ഇകെഎം) നം. 1435/2023 നമ്പർ കേസിലെ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 25.03.2026 തീയതിയിലെ ഉത്തരവിലെ നിർദ്ദേശം നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം
ശ്രീ. എൽദോസ് മാത്യു, ക്ലർക്ക്, താലൂക്ക് സപ്ലൈ ഓഫീസ്, ആലുവ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sonu Jacob
Date: 25-04-2026 16:35:59

സെക്ഷൻ ഓഫീസർ